# ദൈവത്തിന്റെ അംഗീകാരം നേടുന്നതിന്റെ രഹസ്യം

സാക് പുന്നൻ

WFTW 10 മെയ് 2015

എബ്രായർ 2:17ൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു "അതുകൊണ്ട് അവിടുന്നു ദൈവീക ശുശ്രൂഷയിൽ കരുണയും വിശ്വസ്തതയുമുള്ള ഒരു മഹാപുരോഹിതനായി ജനങ്ങളുടെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തേണ്ടതിന് എല്ലാ വിധത്തിലും തന്റെ സഹോദരന്മാരോടു സദൃശനായി തീരേണ്ടത് ആവശ്യമായിരുന്നു. നമുക്ക് എപ്പോഴും നേരിടാൻ കഴിഞ്ഞിട്ടുള്ള എല്ലാവിധ പ്രലോഭനങ്ങളുടെ സമ്മർദ്ദങ്ങളും യേശു അനുഭവിച്ചിട്ടുണ്ട്. നാം പ്രലോഭിപ്പിക്കപ്പെടുന്ന സമയങ്ങളിൽ നമുക്ക് വലിയ ഉത്സാഹം തരുന്ന ഒരു കാര്യം ഇതാണ് - അതു നമുക്കും ജയിക്കാമെന്നുള്ളതാണ്. ക്രിസ്തു നമ്മുടെ ജഡത്തിൽ വരികയും നമ്മെപ്പോലെ പ്രലോഭിപ്പിക്കപ്പെടുകയും ചെയ്തു എന്ന മഹത്വകരമായ സത്യം നമ്മിൽ നിന്നു മറച്ചു വയ്ക്കുവാൻ ശ്രമിക്കുന്നതിലൂടെ, ഈ പ്രത്യാശയാണ് നമ്മിൽ നിന്നു മോഷ്ടിച്ചെടുക്കുവാൻ സാത്താൻ ശ്രമിക്കുന്നത്.

നസ്രേത്തിലെ ഒരു തച്ചനെന്ന നിലയിൽ, ഏതെങ്കിലും വിധത്തിലുള്ള ബിസിനസ് മേഖലയിൽ ഉൾപ്പെടുന്ന ഏതൊരാൾക്കും നേരിട്ടിട്ടുള്ള എല്ലാ പ്രലോഭനങ്ങളും യേശുവും അഭിമുഖീകരിച്ചിട്ടുണ്ടാകും. എന്നാൽ അവിടുന്ന് എന്തെങ്കിലും വിറ്റിട്ടുള്ള ആരെയും ഒരിക്കലും വഞ്ചിച്ചിട്ടില്ല. അവിടുന്ന് ഒരിക്കലും ഏതെങ്കിലും സാധനത്തിനു കൂടുതൽ വില ആവശ്യപ്പെട്ടിട്ടില്ല. തന്നെയുമല്ല തനിക്ക് എന്തു വില കൊടുക്കേണ്ടി വന്നാലും (അല്ലെങ്കിൽ നഷ്ടമുണ്ടായാലും) നീതിയുടെ കാര്യത്തിൽ ഒരിടത്തും അവിടുന്നു വിട്ടു വീഴ്ച ചെയ്തില്ല. നസ്രേത്തിലുള്ള മറ്റ് ആശാരിമാരുമായി മത്സരത്തിലായിരുന്നില്ല. അവിടുന്നു ജീവസന്ധാരണത്തിനു വേണ്ടി മാത്രമാണു ജോലി ചെയ്തിരുന്നത്. അങ്ങനെ വാങ്ങുന്നതിലൂടെയും വില്ക്കുന്നതിലൂടെയും പണം കൈകാര്യം ചെയ്യുന്നതിലൂടെയും (ഒരു ആശാരി എന്ന നിലയിൽ) പണത്തിന്റെ മേഖലയിൽ നാം അഭിമുഖീകരിക്കുന്ന എല്ലാ പ്രലോഭനങ്ങളെയും യേശു അഭിമുഖീകരിച്ചു. അവിടുന്നു ജയിക്കുകയും ചെയ്തു.

അപൂർണ്ണരായ മാതാപിതാക്കൾക്കു വളരെ കാലം കീഴടങ്ങി യേശു ജീവിച്ചു. ഇതു വിവിധ തരത്തിലുള്ള ആന്തരിക പ്രലോഭനങ്ങൾക്ക് അവിടുത്തെ തുറന്നു വച്ചിട്ടുണ്ടാകണം (മനോഭാവങ്ങളുടെ മണ്ഡലങ്ങളിൽ); എന്നിട്ടും അവിടുന്ന് ഒരിക്കൽപോലും പാപം ചെയ്തില്ല. ജോസഫും മറിയയും അപ്പോഴും പഴയ ഉടമ്പടിക്കു കീഴിലായിരുന്നതിനാൽ അവർക്ക് പാപത്തിന്മേൽ വിജയം ഉണ്ടായിരുന്നില്ല. വിജയം ലഭിച്ചിട്ടില്ലാത്ത, വിവാഹിതരായ ഏതു ദമ്പതികളും ചെയ്യുന്നതുപോലെ അവരും അവരുടെ ശബ്ദം ഉയർത്തുകയും തമ്മിൽ തർക്കിക്കുകയും ചെയ്തിരിക്കാം. മറിച്ച്, യേശു പൂർണ്ണ ജയത്തിൽ ജീവിക്കുകയായിരുന്നു. എന്നിട്ടും അവിടുന്ന് ഒരിക്കലും അവരെ നിന്ദിച്ചില്ല. അവിടുന്ന് അങ്ങനെ ചെയ്തിരുന്നെങ്കിൽ താൻ പാപം ചെയ്യുമായിരുന്നു. അവിടുന്ന് അവരെക്കാൾ വളരെ നിർമ്മലനായിരുന്നെങ്കിലും, അവിടുന്ന് അവരെ ബഹുമാനിച്ചു. ഇവിടെ അവിടുത്തെ താഴ്മയുടെ മനോഹാരിത നാം കാണുന്നു. അങ്ങനെ നാം കാണുന്നത്, ആ 30 വർഷങ്ങളിൽ നസ്രേത്തിൽ സംഭവബഹുലമല്ലാത്ത ഓരു ജീവിതം ജീവിച്ചു എന്നതിനേക്കാൾ യേശു എല്ലാ സമയത്തും പ്രലോഭനങ്ങൾക്കെതിരായുള്ള ഒരു പോരാട്ടത്തിന്റെ മദ്ധ്യത്തിലായിരുന്നു എന്നാണ്. ഓരോ വർഷം കഴിയുന്തോറും തീവ്രത വർദ്ധിച്ചു വരുന്ന ഒരു പോരാട്ടം. കാരണം പിതാവായ ദൈവത്തിനു നമ്മുടെ രക്ഷാനായകനെ, അവിടുന്നു നമ്മുടെ രക്ഷകനും മഹാപുരോഹിതനും ആകുന്നതിനു മുന്നമെ മനുഷ്യർക്കു സാധ്യമായ മുഴുവൻ പ്രലോഭനങ്ങളുടെയും ശ്രേണിയിലൂടെ കടത്തിക്കൊണ്ടുപോകണമായിരുന്നു.

ദൈവത്തിന്റെ വചനം പറയുന്നു: "സകലത്തിന്റെയും ലക്ഷ്യവും സകലത്തിന്റെയും ആധാരവുമായ ദൈവം അനേകം പുത്രന്മാരെ തേജസ്സിലേക്കു നയിക്കുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടങ്ങളാൽ സമ്പൂർണ്ണനാക്കുന്നതു യുക്തം ആയിരുന്നു'' (എബ്രാ. 2:10). യേശുവിന് തന്റെ ഭൂമിയിലെ ജീവിതത്തിന്റെ അവസാനത്തെ മൂന്നര വർഷങ്ങളിൽ തനിക്ക് അഭിമുഖീകരിക്കുവാൻ അപ്പോഴും കുറച്ചു പ്രലോഭനങ്ങൾ കൂടി ഉണ്ടായിരുന്നു. (ദേശത്തിലെ ജനതയിലൂടെ - വിപുലഖ്യാതിയുള്ള ചിലത്). എന്നാൽ നമുക്ക് എല്ലാവർക്കും ഭവനത്തിലും നമ്മുടെ ജോലി സ്ഥലങ്ങളിൽ നേരിടുന്ന സാധാരണ പ്രലോഭനങ്ങളെ തന്റെ ആദ്യത്തെ മുപ്പതു

വർഷങ്ങളിൽ അവിടുന്ന് അഭിമുഖീകരിക്കുകയും വിജയിക്കുകയും ചെയ്തു. അതിനാൽ പിതാവ് തന്റെ അംഗീകാരത്തിന്റെ സാക്ഷ്യപത്രം യേശുവിന്റെ സ്നാനത്തിന്റെ സമയത്ത് അവിടുത്തേക്കു നൽകി.

ദൈവം തന്റെ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനം എന്താണെന്നു കാണാൻ നമ്മുടെ കണ്ണുകൾ തുറന്നെങ്കിൽ മാത്രമേ അതു നമ്മുടെ ജീവിതങ്ങളെ പൂർണ്ണമായി മാറ്റി മറിക്കുകയുള്ളു. നമ്മിൽ ആരും പിന്നെ ഒരിക്കലും ലോകവ്യാപകമായ ഒരു ശുശ്രൂഷ മോഹിക്കുകയില്ല. എന്നാൽ ദൈനംദിന ജീവിതത്തിൽ പ്രലോഭനത്തിന്റെ സമയങ്ങളിൽ ഉള്ള വിശ്വസ്തത കൂടുതൽ ആഗ്രഹിക്കും. ഭൌതികമായ അത്ഭുതങ്ങളെ പ്രശംസിക്കുന്നത് നിർത്തുകയും രൂപാന്തരപ്പെട്ട ജീവിതങ്ങളെ കൂടുതൽ പ്രശംസിക്കാൻ തുടങ്ങുകയും ചെയ്യും. അങ്ങനെ നമ്മുടെ മുൻഗണന ശരിയായ വിധത്തിലാകുവാൻ തക്കവണ്ണം നമ്മുടെ മനസ്സുകൾ പുതുക്കപ്പെടും.

ദൈവത്തിന്റെ ഏറ്റവും വലിയ പ്രതിഫലങ്ങളും അവിടുത്തെ ഉന്നതമായ പ്രശംസാ വചനങ്ങളുമെല്ലാം യേശു നേരിട്ട അതേ മനോഭാവത്തോടെ പ്രലോഭനങ്ങളെ നേരിടുന്നവർക്കായി സൂക്ഷിച്ചു വച്ചിരിക്കുന്നു എന്നറിയുന്നത് എത്ര വലിയ ഒരു പ്രോത്സാഹനമാണ്! അതായത് "ഒരു സമയത്തു പോലും പാപം ചെയ്യുകയോ എന്റെ പിതാവിനെ അനുസരിക്കാതിരിക്കുകയോ ചെയ്യുന്നതിനെക്കാൾ മരിക്കുന്നതാണ് എനിക്കിഷ്ടം.'' ഫിലിപ്പിയർ 2:5-8 വരെയുള്ള പ്രബോധനത്തിന്റെ അർത്ഥം ഇതാണ്. അതു പറയുന്നത് "ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലുമുണ്ടായിരിക്കട്ടെ... അവിടുന്ന് മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായി തീർന്നു.'' അങ്ങനെ നമ്മുടെ വരങ്ങൾ, നമ്മുടെ ശുശ്രൂഷകൾ, സ്ത്രീപുരുഷ വ്യത്യാസം തുടങ്ങിയവയൊന്നും കണക്കാക്കാതെ, നമുക്കെല്ലാവർക്കും ജയാളികളാകാനും, വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായവരുടെ കൂട്ടത്തിലാകാനുമുള്ള തുല്യ അവസരം ഉണ്ട്.